**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1296** **19-09-2025 - ൽ മറുപടിയ്ക്ക്**

**വർക്കല ബൈപാസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വർക്കല ബൈപാസ് നിർമ്മാണത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകാമോ? | (എ) | വർക്കല ബൈപാസ്സ് നിർമ്മാണ പ്രവൃത്തിക്ക് നിലവിൽ 19.12.2024-ൽ 3309.83 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ബൈപാസ് നിർമ്മാണത്തിൽ ഭൂമി ഏറ്റെടുക്കലും പുതിയ റോഡ് നിർമ്മാണവും ഉൾപ്പെടുന്നു. റെയിൽവേ ഭാഗത്തെ മാറ്റങ്ങൾ വരുത്തിയ ശേഷം 2020-ൽ റോഡ് അലൈൻമെൻറ് അംഗീകരിച്ചു. ഈ പ്രവൃത്തിക്ക് 519.19 സെൻറ് ഭൂമിയാണ് ആവശ്യമുള്ളത്. 19.59 കോടി രൂപയാണ് മൊത്തം ഭൂമി ഏറ്റെടുക്കലിന് വേണ്ടിവരുന്ന തുക ഭൂമി ഏറ്റെടുക്കൽ നടപടികൾ ഇപ്പോൾ പൂർത്തിയായി. അതുപ്രകാരം ഏറ്റെടുത്ത ഭൂമിയിലെ മരങ്ങളുടെയും ചമയങ്ങളുടെയും മൂല്യനിർണയം പൂർത്തിയാക്കി ലേല നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഭരണാനുമതി ലഭിച്ച തുകയിൽ നിന്നും 3.38 ലക്ഷം രൂപ ഉപയോഗിച്ച് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് Rework ചെയ്തതിൽ എസ്റ്റിമേറ്റ് തുക 4717.24 ലക്ഷം രൂപയായി അധികരിച്ചിട്ടുണ്ട്. ആയതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ